റാപ്പിഡ് എനർജി കണക്ഷൻ പദ്ധതി

92 (2670) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാപ്പിഡ് എനർജി കണക്ഷൻ പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര തുക സംസ്ഥാനത്ത് കൺസ്യൂമർമാരിൽ നിന്നും ഈടാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഒ.വൈ.ഇ.സി. യിൽ പണം അടച്ചാൽ ഒ.എച്ച്. ആവശ്യമുള്ള കണക്ഷന് പരമാവധി എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ നൽകുമെന്ന് അറിയിക്കുമോ ;

(ഡി) പണം അടച്ചിട്ടും കണക്ഷൻ കിട്ടാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) ഈ പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 80.63 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കാസർഗോഡ്	7.00 ലക്ഷം രൂപ
കണ്ണൂർ	27.80 ലക്ഷം രൂപ
വയനാട്	0.75 ലക്ഷം രൂപ
മലപ്പുറം	5.40 ലക്ഷം രൂപ
കോഴിക്കോട്	3.23 ലക്ഷം രൂപ
പാലക്കാട്	1.75 ലക്ഷം രൂപ
തൃശ്ശൂർ	16.40 ലക്ഷം രൂപ
എറണാകുളം	3.40 ലക്ഷം രൂപ
കോട്ടയം	1.20 ലക്ഷം രൂപ
ആലപ്പുഴ	2.00 ലക്ഷം രൂപ
പത്തനംതിട്ട	3.80 ലക്ഷം രൂപ
കൊല്ലം	2.95 ലക്ഷം രൂപ
തിരുവനന്തപുരം	4.95 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒ.വൈ.ഇ.സി. പണം അടച്ച് 6 മാസത്തിനകം ഇത്തരം കണക്ഷൻ നൽകണമെന്ന ഓർഡർ നിലവിലുണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് ഒ.വൈ.ഇ.സി. ഡെപ്പോസിറ്റ് അടച്ച മുൻഗണനാ ക്രമത്തിൽ കഴിവതും വേഗം കണക്ഷൻ നൽകിവരുന്നുണ്ട്.

(ഡി&ഇ) ഇത്തരം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധന സാമഗ്രികൾ കഴിയുന്നത്ര വേഗം ലഭ്യമാക്കി കണക്ഷൻ നൽകുന്ന ജോലികൾ ത്വരിതപ്പെടുത്തി കാലതാമസം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) 167.82 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കാസർഗോഡ്	1099.38 ലക്ഷം രൂപ
കണ്ണൂർ	1905.63 ലക്ഷം രൂപ
വയനാട്	549.75 ലക്ഷം രൂപ
കോഴിക്കോട്	2599.95 ലക്ഷം രൂപ
മലപ്പുറം	2602.24 ലക്ഷം രൂപ
പാലക്കാട്	2010.67 ലക്ഷം രൂപ
തൃശ്ശൂർ	318.40 ലക്ഷം രൂപ
എറണാകുളം	184.08 ലക്ഷം രൂപ
ആലപ്പുഴ	270.44 ലക്ഷം രൂപ
ഇടുക്കി	183.74 ലക്ഷം രൂപ
കോട്ടയം	983.62 ലക്ഷം രൂപ
പത്തനംതിട്ട	181.44 ലക്ഷം രൂപ
കൊല്ലം	1557.97 ലക്ഷം രൂപ
തിരുവനന്തപുരം	2334.90 ലക്ഷം രൂപ

കെ.എസ്.ഇ.ബി. നിർമ്മാണ ജോലികളിലെ കരാറുകാർ കൈപ്പറ്റിയ തുക

93 (2671) ശ്രീ.കെ.പി.വിശ്വനാഥൻ :
ശ്രീ.കെ. അച്ചുതൻ :
ശ്രീ.ഇ.എം.അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.യുടെ പദ്ധതി നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള ഏതൊക്കെ കരാറുകാരും കൺസ്ട്രക്ഷൻ കമ്പനികളും കരാർ തുകകൾ സംബന്ധിച്ച് കോടതികളിൽ കേസുകൾ നൽകി അധിക തുക കൈപ്പറ്റിയെന്ന് അറിയിക്കുമോ ;

(ബി) ആ കമ്പനികളും കരാറുകാരും ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly